# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3139 24.02.2016 - ൽ മറുപടിയ്ക്ക്

**പറമ്പിക്കുളം - ആളിയാർ പദ്ധതി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) പറമ്പിക്കുളം- ആളിയാർ പദ്ധതി പ്രകാരം 2005-2006 മുതൽ 2014-2015 വരെ ഓരോ വർഷവും തമിഴ്നാട്ടിൽ നിന്നും കേരളത്തിന് ലഭിക്കുന്ന വെള്ളത്തിന്റെ അളവ് എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | പറമ്പിക്കുളം- ആളിയാർ പദ്ധതി (പി.എ.പി) പ്രകാരം 2005-2006 ജലവർഷം മുതൽ 2014-2015 ജലവർഷം വരെ കേരളത്തിന് ഓരോ ജലവർഷവും ലഭിച്ച ജലത്തിന്റെ അളവ് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ഒന്നിലെ പട്ടികയിൽ (പട്ടിക ഒന്ന്) ഉൾ ക്കൊളളിച്ചിട്ടുണ്ട്.<br><br>ലോവർ നിരാർ ഡാമിന്റേയും, പറമ്പിക്കുളം, പെരുവാരിപ്പള്ളം, തുണക്കടവ് എന്നീ ഡാമുകളുടെയും വൃഷ്ടി പ്രദേശത്തുളള ജലം ഒരുമിച്ച് കണക്കാക്കി 16500 എം.സി.എഫ്.റ്റി. യ്ക്ക് അധികമായി വന്ന 695 എം.സി.എഫ്.റ്റി. ജലം 2005 - 06 ജലവർഷത്തിലും, 2500 എം.സി.എഫ്.റ്റി. ജലം 2007 - 08 ജലവർഷത്തിലും കേരളത്തിന് അർഹതപ്പെട്ടതായി. ഇത് തുടർന്നുളള ജലവർഷങ്ങളിൽ കേരളത്തിന് മണക്കടവ് വിയറിൽ; അനുബന്ധം രണ്ടായി ചേർത്തിട്ടുളള പട്ടികയിൽ (പട്ടിക രണ്ട്) സൂചിപ്പിച്ചിട്ടുളള വിധം ഗഡുക്കളായി ലഭിച്ച വരുന്നു. |
| (ബി) 2015-16 വർഷത്തിൽ PAP കരാർ പ്രകാരം കേരളത്തിന് ലഭിച്ച വെളളമെത്ര; ഈ ജലവർഷത്തിനു ഇനി ലഭിക്കുമെന്ന് ഉറപ്പുളള വെളളമെത്ര; | (ബി) | നടപ്പ് ജലവർഷ (2015-16) ത്തിൽ 15.02.2016 വരെ 5135 എം.സി.എഫ്.റ്റി ജലം മണക്കടവു വിയറിൽ ലഭ്യമായിട്ടുണ്ട്. ശേഷിക്കുന്ന 2115 എം.സി.എഫ്.റ്റി ജലം 2016 ജൂൺ 30 വരെയുളള കാലയളവിൽ തമിഴ്നാട് |

(..2)

ലഭ്യമാക്കേണ്ടതാണ്. 96-ാ മത് സംയുക്ത ജല ക്രമീകരണ സമിതി (JWRB) യോഗത്തിലെ തീരുമാനമനുസരിച്ച് 2000 എം.സി.എഫ്.റ്റി ജലം മാർച്ച് 31 വരെയുള്ള കാലഘട്ടത്തിൽ തമിഴ്നാട് ലഭ്യമാക്കുന്നതാണ്. ചാലക്കുടി നദീതടത്തിൽ നിന്നും ഓരോ ജലവർഷവും 12.3 ടി.എം.സി. ജലം കേരളത്തിന് അവകാശപ്പെട്ടതാണ്. നടപ്പ് ജലവർഷ (2015-16) ത്തിൽ 15.02.2016 വരെ 5856.94 എം.സി.എഫ്.റ്റി ജലം കേരള ഷോളയാറിൽ വൈദ്യുതോല്പാദനത്തിനു ശേഷം പൊരിങ്ങൽക്കുത്തിലേക്ക് ഒഴുക്കിവിട്ടിട്ടുണ്ട്. കൂടാതെ ഉപയോഗയോഗ്യമായ 3849 എം.സി.എഫ്.റ്റി ജലം കേരള ഷോളയാർ റിസർ വോയറിൽ ലഭ്യമാണ്. ശേഷിക്കുന്ന 2594.06 എം.സി.എഫ്.റ്റി ജലം 2016 ജൂൺ 30 വരെയുള്ള കാലയളവിൽ ലഭ്യമാക്കേണ്ടതാണ്. (Own catchment yield + Tamil Nadu release) കേരള ഷോളയാറിലേക്ക് , ലഭ്യമായിട്ടുള്ള ജലം എത്തിക്കാമെന്നും, ഈ കാലയളവിൽ പവർഹൗസ് 1 പ്രവർത്തിപ്പിച്ച് ജലം പറമ്പിക്കുളത്തേയ്ക്ക് കൊണ്ടുപോവുകയില്ലെന്നും ഒടുവിൽ കൂടിയ സംയുക്ത ജല ക്രമീകരണ യോഗത്തിൽ തമിഴ്നാട് അറിയിച്ചിട്ടുണ്ട്. കരാർ പ്രകാരമുള്ള ജലവിഹിതം നിർബന്ധമായും ലഭ്യമാക്കണമെന്ന് 19.01.2016 -ൽ കൂടിയ 96-ാ മത് സംയുക്ത ജല ക്രമീകരണ സമിതി (JWRB) യോഗത്തിൽ കേരളം ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. പെരിയാർ നദീതടത്തിലെ നീരാർ വിയറിൽ നിന്നുള്ള ജലം മുഴുവനും ഒക്ടോബർ 1 മുതൽ ജനുവരി 31 വരെ കേരളത്തിലേക്ക് തിരിച്ചു വിടേണ്ടതാണ്. ഈ ജലത്തിന്റെ അളവ് കരാറിൽ നിജപ്പെടുത്തിയിട്ടില്ല. നടപ്പ് ജലവർഷ (2015-16) ത്തിൽ 1131.49 എം.സി.എഫ്.റ്റി ജലം ഇത്തരത്തിൽ കേരളത്തിന് ലഭ്യമായിട്ടുണ്ട്.

(സി) 2005-2006 മുതൽ 2014-2015 വരെയുള്ള കാലഘട്ടത്തിലെ വാട്ടർ അക്കൗണ്ട്സ് (PAP) ലഭ്യമാക്കാമോ?

(സി) 2005 - 06 ജലവർഷം മുതൽ 2014 - 15 ജലവർഷം വരെയുള്ള കാലയളവിലെ പറമ്പിക്കുളം- ആളിയാർ പദ്ധതി (പി.എ.പി) യുടെ Water Accounts - ന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. (അനുബന്ധം മൂന്ന് മുതൽ പന്ത്രണ്ട് വരെ)

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്